കേരള സർവകലാശാല

Re-accredited by NAAC with A++ GRADE

നം. പി.ആർ. **242a/2026** തീയതി : **18/11/2026**

പത്രക്കുറിപ്പ്

'ഒപ്പ'ത്തിനൊപ്പം കേരള സർവകലാശാല

തിരുവനന്തപുരം: കേരളസർവകലാശാല സോഷ്യോളജി പഠനവകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന 'ഒപ്പം' പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നഗരസഭ കഴക്കൂട്ടം ഡിവിഷനിൽ മുള, ഈറ എന്നിവ ഉപയോഗിച്ചുള്ള കരകൗശല ഉൽപ്പന്ന നിർമാണത്തിന്റെ രണ്ടാം ഘട്ട പരിശീലനത്തിന് തുടക്കമായി. കാര്യവട്ടം ക്യാമ്പസിൽ വെച്ച് നടന്ന ഉദ്ഘാടന ചടങ്ങിൽ സിൻഡിക്കേറ്റ് അംഗം ആർ. എസ്. ശശികുമാർ പരിശീലന പരിപാടി മുള മുറിച്ച് ഉദ്ഘാടനം ചെയ്തു. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ സാമൂഹിക - സാമ്പത്തിക ഉന്നമനത്തിനായി നിലകൊള്ളുന്ന ഒപ്പം പദ്ധതിയുടെ തുടർച്ചക്ക് കേരള സർവകലാശാല എല്ലാ വിധ സഹായസഹകരണങ്ങളും നൽകുമെന്ന് അദ്ദേഹം ഉറപ്പ് നൽകി.

കേരളസർവകലാശാല സോഷ്യോളജി പഠനവകുപ്പ് കേരള സ്റ്റേറ്റ് ബാംബൂ മിഷന്റെ സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിയാണിത്. പരമ്പരാഗത കരകൗശല വിദ്യകൾ നിലനിർത്തുന്നതിനൊപ്പം ആധുനിക ഡിസൈനുകൾ പരിചയപ്പെടുത്തി പുതിയ ഉൽപ്പന്നങ്ങൾ നിർമിക്കാനും അതിലൂടെ തൊഴിൽസാധ്യതകൾ വർധിപ്പിക്കാനുമാണ് പരിശീലനം. പദ്ധതിയുടെ മൂന്ന് വർഷത്തെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയ ഫോട്ടോ ആൽബം സിൻഡിക്കേറ്റ് അംഗം ഡോ. നൗഷാദ് വി പ്രകാശനം ചെയ്തു. പ്രോജെക്ട് ഡയറക്ടർ ഡോ. സന്ധ്യ ആർ. എസ്, സോഷ്യോളജി പഠന വകുപ്പ് മേധാവി ഡോ. ബുഷ്റ ബീഗം ആർ. കെ, വാർഡ് കൗൺസിലർ എസ്. പ്രശാന്ത്, ഐ.ക്യു. എ. സി ജോയിന്റ് ഡയറക്ടർ ഡോ. മഞ്ജു എസ്. നായർ, റിസർച്ച് യൂണിയൻ പ്രതിനിധി മാനസ് എം. എസ്, പ്രോജെക്ട് കോർഡിനേറ്റർ അശ്വിൻ റ്റി. ജി എന്നിവർ സംസാരിച്ചു.

ഗണിതശാസ്ത്ര വിഭാഗത്തിന്റെ അറുപതാം വാർഷികാഘോഷം: 'ഗണിത ബോധി 2026' പ്രദർശനത്തിന് തുടക്കം

കേരള സർവകലാശാല ഗണിത ശാസ്ത്ര വിഭാഗത്തിന്റെ അറുപതാം വാർഷികത്തോടനുബന്ധിച്ച് കാര്യവട്ടം ക്യാമ്പസിലെ ഗണിത ശാസ്ത്ര വകുപ്പിൽ നവംബർ 18 മുതൽ 20 വരെ 'ഗണിത ബോധി 2026' എന്ന പേരിൽ ഗണിത ശാസ്ത്ര പ്രദർശനവും വിദഗ്ധർ നയിക്കുന്ന പ്രത്യേക സെഷനുകളും നടക്കുന്നു. പ്രസ്തുത പരിപാടി നവംബർ 18 നു രാവിലെ 10.30 ന് ഡോ. ഇ.കൃഷ്ണൻ (റിട്ട.പ്രൊഫസർ, ഗണിത ശാസ്ത്രവിഭാഗം, യൂണിവേഴ്സിറ്റി കോളേജ്) ഉദ്ഘാടനം നിർവഹിച്ചു.

പബ്ലിക് റിലേഷൻസ് ഓഫീസർ
E-mail:ku.release@keralauniversity.ac.in

E-mail: For queries **helpdesk@keralauniversity.ac.in**/
website: www.keralauniversity.ac.in
University information is available on **9188526670, 9188526671, 9188526674, 9188526675**
Whats App No. 8547330240